**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** | **07-07-2022 - ൽ മറുപടിയ്ക്ക്**

**ടാറ്റാ എലക്സിയുമായി ധാരണാപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ.ടി. ബിസിനസും ഗവേഷണ വികസന സൗകര്യങ്ങളും വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടാറ്റാ എലക്സിയുമായി ഉണ്ടാക്കിയ ധാരണാപത്രം അനുസരിച്ച് കെട്ടിട സമുച്ചയം നിർമ്മാണം പൂർത്തിയാക്കി കൈമാറുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞിട്ടുണ്ട്. 2.17 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള 9 നിലകളുള്ള ഒരു കെട്ടിട സമുച്ചയം നിർമ്മാണം പൂർത്തിയാക്കി IT/ITES അധിഷ്ഠിത പദ്ധതിക്കായി കിൻഫ്ര ടാറ്റാ എല്ക്സിക്കു കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടാറ്റാ എലക്സി കിൻഫ്രയുമായി 27.09.2021-ൽ പാട്ട കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്ചൽ റിയാലിറ്റി, മൊബിലിറ്റി തുടങ്ങിയ മേഖലകളിൽ ഉപഭോക്താക്കൾക്ക് സേവനം നൽകുന്ന ടാറ്റാ എലക്സി ആരംഭിക്കുന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉൾപ്പെടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശങ്ങൾ നൽകാമോ? | (ബി) | ടി പദ്ധതി നടപ്പിലാകുന്നതോടെ ഏകദേശം 2500 പേർക്ക് നേരിട്ടും 1500ൽ അധികം പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ